(ബി)

| സ്റ്റാന്റേർഡ് | ഡിവിഷനുകളുടെ എണ്ണം | |
|---|---|---|
| | 2011 - 2012 | 2012-2013 |
| 8 | 4 | 3 |
| 9 | 4 | 4 |
| 10 | 3 | 4 |

(സി) 2010-11 അദ്ധ്യയന വർഷത്തിൽ സൂപ്പർ ചെക് സെൽ ഈ സ്കൂൾ സന്ദർശിച്ചിട്ടുണ്ട്. പക്ഷേ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ സന്ദർശിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം**

31 (998) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി തലത്തിലെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനും കൗമാരക്കാരായ ഈ വിഭാഗത്തിന് മൂല്യാധിഷ്ഠിതവും സാൻമാർഗ്ഗികാടിത്തറയുള്ളതുമായ വിദ്യാഭ്യാസം നല്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി മതിയായ എണ്ണം ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറിയിലെ കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് ഗുണനിലവാരം ഉള്ളതും മൂല്യാധിഷ്ഠിതവും സാൻമാർഗ്ഗികാടിത്തറയുള്ളതുമായ വിദ്യാഭ്യാസമാണ് നിലവിൽ നൽകിവരുന്നത്. വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിനും മറ്റ് രീതിയിലുള്ള കൗൺസിലിംഗ് നടപടികൾ ഉറപ്പാക്കുന്നതിനും ഈ വകുപ്പിൽ ഒരു കരിയർ ഗൈഡൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. സ്കൂളുകളിൽ സൗഹൃദ ക്ലബ്ബുകളും കരിയർ ഗൈഡൻസ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly